കൈത്തറി വ്യവസായത്തിനാവശ്യമായ നൂൽ

131 [500] *ശ്രീ. യു. സി. രാമൻ:*
,, *പി. കെ. കെ. ബാവ:*
,, *സി. മമ്മൂട്ടി:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിന് ഒരു വർഷത്തേക്ക് ആവശ്യമായ നൂലിന്റെ കണക്ക് വ്യക്തമാക്കുമോ;

(ബി) ഇത്രയും നൂൽ ഈ വ്യവസായത്തിന് ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യത്തിനുള്ളതിൽ നിന്നും എത്ര കുറവാണ് ലഭിക്കുന്നത്;

(ഡി) ആവശ്യമുള്ള മുഴുവൻ നൂലും ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിന് ഒരു വർഷത്തേക്ക് ഏകദേശം 22 ലക്ഷം കിലോഗ്രാം നൂൽ ആവശ്യമുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) എൻ. എച്ച്. ഡി. സി. അംഗീകൃത യാണ് ബാങ്കുകൾ വഴി കോപ്റ്റക്സ്, ഹാൻവീവ് എന്നിവ മുഖേന സംഘങ്ങൾക്ക് നൂൽ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി ബോർഡിന്റെ കീഴിലുള്ള സിക്ക് യൂണിറ്റുകൾ പുനരുദ്ധരിക്കാൻ നടപടി

132 [501] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ ഇപ്പോൾ എത്ര സിക്ക് യൂണിറ്റുകളാണ് ഉള്ളത്;

(ബി) ഈ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly